# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1315 03.10.2016 ൽ മറുപടിയ്ക്ക്

## പ്രഥമ വിവര റിപ്പോർട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമ വിവര റിപ്പോർട്ടുകൾ (എഫ്.ഐ.ആർ) 24 മണിക്കൂറിനകം വെബ് സൈറ്റിൽ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇന്റർനെറ്റ് സംവിധാനം ദുർബ്ബലമായ മേഖലകളിൽ എഫ്.ഐ.ആർ വെബ് സൈറ്റിൽ നൽകുന്നതിനുള്ള സമയപരിധി എത്രയെന്ന് വ്യക്തമാക്കാമോ | (എ) & (ബി) ഇത്തരത്തിൽ ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകൾ 24 മണിക്കൂറിനകം വെബ് സൈറ്റിൽ നൽകുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ പുരോഗമിച്ചു വരുന്നു. കൂടാതെ ഇന്റർനെറ്റ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കേസുമായി ബന്ധപ്പെട്ടവർക്ക് എഫ്.ഐ.ആറി ന്റെ പകർപ്പ് ലഭിക്കുന്നതിന് നിലവിലുള്ള നടപടി ക്രമം വിശദമാക്കാമോ ? | (സി) കേസ് രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ ആവലാതിക്കാർക്ക് സ്റ്റേഷനിൽ നിന്ന് എഫ്.ഐ. ആറിന്റെ പകർപ്പ് തൽസമയം നൽകി വരുന്നതും, കേസിലെ പ്രതികൾക്കുള്ള എഫ്.ഐ.ആറിന്റെ പകർപ്പ് കുറ്റപത്രത്തിനൊപ്പം കോടതിയിൽ സമർപ്പിച്ചു വരുന്നതുമാണ്. കൂടാതെ വിവരാവകാശ നിയമം-2005 പ്രകാരം ഒഴിവാക്കപ്പെടാത്തവ, അപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ